"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിലവിൽ മാനേജിങ് ഡയറക്ടറായ ശ്രീമതി.ബിന്ദു.വി.സിയ്ക്ക് പുനർനിയമന വ്യവസ്ഥയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന (ബി) വകുപ്പ്**

സ.ഉ.(കൈ) നം.10/2025/WCDD തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:- 1. സ.ഉ.(സാധാ)നം.465/2016/എസ്.ജെ.ഡി തീയതി.04.10.2016.

2. സ.ഉ.(സാധാ)നം.421/2024/ഡബ്ല്യുസിഡിഡി തീയതി.06.11.2024.

**ഉത്തരവ്**

കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിലെ മാനേജർ(വെൽഫെയർ) ആയിരുന്ന ശ്രീമതി.ബിന്ദു.വി.സി യെ പരാമർശം (1) പ്രകാരം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുകയും തുടർന്ന് ടിയാളുടെ അന്യത്ര സേവന കാലാവധി 05.10.2017 മുതൽ ഓരോ വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നല്കുകയും 5 വർഷകാലയളവിനു ശേഷം ജീവനക്കാരിയുടെ പ്രവർത്തനങ്ങൾ സ്ഥാപനത്തിന്റെ ഉന്നതിക്കും പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏറെ ഗുണകരമായിരുന്നു എന്ന വസ്തുത കണക്കിലെടുത്ത് 05.10.2021 മുതൽ 04.10.2024 വരെ ദീർഘിപ്പിച്ച് നല്കുകയും ചെയ്തിരുന്നു. തുടർന്നും ടി സ്ഥാപനത്തിലെ ടിയാളുടെ അന്യത്ര സേവന കാലാവധി 05.10.2024 മുതൽ ടി വ്യക്തിയുടെ വിരമിക്കൽ തീയതിയായ 31.05.2025 വരെ ദീർഘിപ്പിച്ച് നല്കി കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ തസ്തികയിലേയ്ക്ക് സുതാര്യമായ രീതിയിൽ KPESRB വഴി നിയമനം നടത്തുന്നതിലേക്ക് മാനേജിംഗ് ഡയറക്ടറുടെ നിയമനത്തിനായി ബോർഡ് അംഗീകരിച്ച യോഗ്യതാ മാനദണ്ഡങ്ങൾ ഉൾപ്പെടുന്ന ശിപാർശ വനിതാ വികസന കോർപ്പറേഷനിൽ നിന്നും സമർപ്പിച്ചിരുന്നു. യഥോചിതമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ വനിതാ വികസന കോർപ്പറേഷനിൽ പുതിയ മാനേജിംഗ് ഡയറക്ടർ നിയമനത്തിന്

കാലതാമസം ഉണ്ടാകാവുന്നതാണ്.

(2)സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിലവിൽ അന്യത്ര സേവന വ്യവസ്ഥയിൽ, മാനേജിങ് ഡയറക്ടറായ ശ്രീമതി.ബിന്ദു.വി.സി യ്ക്ക് 01.06.2025 മുതൽ ഒരു വർഷത്തേക്കോ സ്ഥിരമായി മറ്റൊരു മാനേജിങ് ഡയറക്ടറെ നിയമിക്കുന്നത് വരെയോ, ഇതിൽ ഏതാണ് ആദ്യം വരുന്ന കാലയളവ് അതുവരെ മാത്രം പുനർനിയമന വ്യവസ്ഥയിൽ നിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

i) ടിയാന്റെ സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരം (19.10.2016 ലെ സ.ഉ(പി) നം.159/2016/ധന യ്ക്ക് അനുസൃതമായി പരിഷ്കരിച്ചത്) പുനർ നിർണ്ണയിക്കേണ്ടതാണ്.

ii) 19.10.2016 ലെ സ.ഉ(പി)നം.159/2016/ധന പ്രകാരം നിലവിലുള്ള ശമ്പള സ്കെയിൽ ബാധകമാകുന്ന തസ്തികയിൽ നിന്നും വിരമിച്ചവരുടെ പുനർനിയമന വേതനം അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ചതായിരിക്കണം. പെൻഷനും പുനർനിയമന വേതനവും ചേർന്നു വരുന്ന തുക അവസാനം വാങ്ങിയ ശമ്പളത്തെ അധികരിക്കരുത്.

iii) വിരമിച്ച തസ്തികയുടെ പരിഷ്കരിച്ച സ്കെയിലിന്റെ അടിസ്ഥാനത്തിൽ HRA, CCA അനുവദിക്കാവുന്നതാണ്.

iv)മാതൃവകുപ്പിലെ നിരക്കുകൾക്കനുസൃതമായി ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.

v) പെൻഷന് ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.

vi)വാർഷിക ഇൻക്രിമെന്റിനു അർഹതയുണ്ട്. എന്നാൽ Stagnation ഇൻക്രിമെന്റിനു അർഹതയില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (vide U.O.No. 187761/PU-C2/132/2021-FIN dated. 31.05.2025)

വിജിലൻസ് വകുപ്പ്.

പൊതുഭരണ (എസ് സി) വകുപ്പ്(Vide item No.2992 dated.28.05.2025.)

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sithara Vijayan
Date: 31-05-2025 23:27:18
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-05-2025

ഫയൽ നം. ഡബ്ല്യൂസിഡി-ബി3/18/2021/ഡബ്ല്യൂസിഡി.     ഇനം നം:     2992

വിഷയം : വനിത-ശിശു വികസന വകുപ്പ് - കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിലവിൽ മാനേജിംഗ് ഡയറക്ടറായ ശ്രീമതി. ബിന്ദു.വി.സി.-യ്ക്ക് പുനർനിയമന വ്യവസ്ഥയിൽ നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനിത-ശിശു വികസന വകുപ്പ്.

2992

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഡബ്ല്യുസിഡി-ബി3/18/2021-ഡബ്ല്യുസിഡി |
| 2. | വകുപ്പ് | വനിതശിശു വികസന(ബി) വകുപ്പ് |
| 3. | വിഷയം | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിലവിൽ മാനേജിങ് ഡയറക്ടറായ ശ്രീമതി.ബിന്ദു.വി.സിയ്ക്ക് പുനർനിയമന വ്യവസ്ഥയിൽ നിയമനം നൽകുന്നത്-സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 14.05.2025 |
| 5. | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | ഉണ്ട്. |
| | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനു കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. സന്തോഷ് കുമാർ.ടി.കെ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ഡോ. ഷർമ്മിള മേരി ജോസഫ് |
| 9 | മന്ത്രിസഭ കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 27.05.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭ കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27.05.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. വീണാ ജോർജ്ജ് |
| 13 | മന്ത്രിസഭ കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 27.05.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 27.05.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിലവിൽ മാനേജിങ് ഡയറക്ടറായ ശ്രീമതി.ബിന്ദു.വി.സിയ്ക്ക് പുനർനിയമന വ്യവസ്ഥയിൽ നിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിലെ മാനേജർ (വെൽഫെയർ) ആയിരുന്ന ശ്രീമതി. ബിന്ദു. വി. സി യെ 04.10.2016-ലെ സ.ഉ.(സാധാ)നം.465/2016/എസ്.ജെ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുകയും തുടർന്ന് ടിയാളുടെ അന്യത്ര സേവന കാലാവധി 05.10.2017 മുതൽ ഓരോ വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നല്കുകയും 5 വർഷകാലയളവിനു ശേഷം ജീവനക്കാരിയുടെ പ്രവർത്തനങ്ങൾ സ്ഥാപനത്തിന്റെ ഉന്നതിക്കും പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏറെ ഗുണകരമായിരുന്നു എന്ന വസ്തുത കണക്കിലെടുത്ത് 05.10.2021 മുതൽ 04.10.2024 വരെ ദീർഘിപ്പിച്ച് നല്കുകയും ചെയ്തിരുന്നു. തുടർന്നും ടി സ്ഥാപനത്തിലെ ടിയാളുടെ അന്യത്ര സേവന കാലാവധി സ.ഉ.(സാധാ)നം.421/2024/WCDD തീയതി.06.11.2024 പ്രകാരം, 05.10.2024 മുതൽ ടി വ്യക്തിയുടെ വിരമിക്കൽ തീയതിയായ 31.05.2025 വരെ ദീർഘിപ്പിച്ച് നല്കി കൊണ്ട് ഉത്തരവായിരുന്നു.

3) വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ തസ്തികയിലേയ്ക്ക് സുതാര്യമായ രീതിയിൽ KPESRB വഴി നിയമനം നടത്തുന്നതിലേക്ക് മാനേജിംഗ് ഡയറക്ടറുടെ നിയമനത്തിനായി ബോർഡ് അംഗീകരിച്ച യോഗ്യതാ മാനദണ്ഡങ്ങൾ ഉൾപ്പെടുന്ന ശിപാർശ വനിതാ വികസന കോർപ്പറേഷനിൽ നിന്നും സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ച് വരുന്നു. യഥോചിതമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ വനിതാ വികസന കോർപ്പറേഷനിൽ പുതിയ മാനേജിംഗ് ഡയറക്ടർ നിയമനത്തിന് കാലതാമസം ഉണ്ടാകാവുന്നതാണ്. സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിലവിൽ മാനേജിങ് ഡയറക്ടർ

ആയി പ്രവൃത്തിയെടുക്കുന്ന ശ്രീമതി.ബിന്ദു.വി.സി യുടെ സേവനകാലയളവ് 31.05.2025 ന് അവസാനിക്കുകയും അന്നേദിവസം തന്നെ ജീവനക്കാരിയുടെ മാതൃവകുപ്പിലെ സർവ്വീസിൽ നിന്നും ടിയാൾ പെൻഷനാവുകയും ചെയ്യുമെന്ന സാഹചര്യത്തിലും നാളിതുവരെ സ്ഥാപനത്തിന്റെ ഉന്നമനത്തിനും വികസനത്തിനുമായി ഗുണപരമായ പ്രവർത്തനം നടത്തിയ ശ്രീമതി.ബിന്ദു.വി.സി യെ 01.06.2025 മുതൽ ഒരു വർഷത്തേക്കോ സ്ഥിരമായി മറ്റൊരു മാനേജിങ് ഡയറക്ടറെ നിയമിക്കുന്നത് വരെയോ, ഇതിൽ ഏതാണ് ആദ്യം വരുന്ന കാലയളവ് അതുവരെ മാത്രം നിലവിലെ സർവീസ് ചട്ടങ്ങൾ അനുസരിച്ച് മാനേജിങ് ഡയറക്ടർ തസ്തികയിലേക്ക് പുനർനിയമനം (Re employment) നൽകുന്നത് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് ഗുണകരമാകുമെന്ന് ബഹു. ആരോഗ്യ-വനിതശിശു വികസന വകുപ്പ് മന്ത്രി അഭിപ്രായപ്പെടുകയുണ്ടായി.

4) പ്രസ്തുത വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട കാര്യം</u>**

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിലവിൽ അന്യത്ര സേവന വ്യവസ്ഥയിൽ, മാനേജിങ് ഡയറക്ടറായ ശ്രീമതി.ബിന്ദു.വി.സി യ്ക്ക് 01.06.2025 മുതൽ ഒരു വർഷത്തേക്കോ സ്ഥിരമായി മറ്റൊരു മാനേജിങ് ഡയറക്ടറെ നിയമിക്കുന്നത് വരെയോ, ഇതിൽ ഏതാണ് ആദ്യം വരുന്ന കാലയളവ് അതുവരെ മാത്രം, വിജിലൻസ് ക്ലിയറൻസും ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പ് ധനകാര്യ വകുപ്പിന്റെ അനുമതിയും ലഭ്യമാക്കണമെന്ന ഉപാധിയോടെ, പുനർനിയമന വ്യവസ്ഥയിൽ നിയമനം നൽകാവുന്നതാണോ?

**GOVERNMENT OF KERALA**
**(SRI. PINARAYI VIJAYAN MINISTRY)**
**NOTE FOR COUNCIL OF MINISTERS**

| | | |
|---|---|---|
| 1. | File No. | WCD-B3/18/2021-WCD |
| 2. | Department | Women and Child Development (B) Department |
| 3. | Subject | Re-employment of Smt. Bindu.V.C., the present Managing Director of the Kerala State Women's Development Corporation-reg. |
| 4. | Date of Chief Minister's order for placing before the Council | 14.05.2025. |
| 5. | (i) Does the case involve financial commitments/ implications | Yes. |
| | (ii) If the answer to the above is in the affirmative, whether the Finance Department has been consulted and their remarks incorporated in the Council Note | No. |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No. |
| 7. | Name of Additional Secretary who submitted the Draft Note | Sri. Santhosh Kumar.T.K |
| 8. | Name of Secretary who approved the Draft Note | Dr. Sharmila Mary Joseph |
| 9. | Date of approval of the Draft Note for the Council by the Secretary | 27.05.2025 |
| 10. | Name of Chief Secretary who approved the Draft Note | Dr. A. Jayathilak |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 27.05.2025 |
| 12. | Name of Minister who approved the Draft Note | Smt. Veena George |
| 13. | Date of approval of the Draft Note for the Council by the Minister | 27.05.2025 |
| 14. | Date of submission of fair copies | 27.05.2025 |
| 15. | Date of decision by the Council of Ministers | |
| 16. | Number and date of the G.O./letter communicating the decision. | |

# NOTE FOR COUNCIL OF MINISTERS

This note deals with the re-employment of Smt.Bindu. V.C., the present Managing Director of the Kerala State Women's Development Corporation.

2) Smt. Bindu. V.C., who was the Manager (Welfare) at Kerala Minerals and Metals Limited, was appointed as the Managing Director of the Kerala State Women's Development Corporation on deputation basis as per G.O.(Rt)No. 465/2016/SJD dated 04.10.2016. Subsequently, her deputation period was extended for one year at a time from 05.10.2017. Considering her highly beneficial contributions to the institution's progress and project implementation, her tenure after the 5 year period was extended from 05.10.2021 to 04.10.2024. Furthermore, her deputation period to the same institution was extended from 05.10.2024, until her retirement date of 31.05.2025, as per G.O.(Rt)No. 421/2024/WCDD dated 06.11.2024.

3) Kerala State Women's Development Corporation had submitted the proposal including the eligibility criteria approved by the Board for the transparent appointment of a Managing Director for the Women's Development Corporation through KPESRB, is currently under consideration. There may be a delay in appointing a new Managing Director for the Women's Development

Corporation through a proper selection process. Smt. Bindu. V.C., currently serving as the Managing Director of the Kerala State Women's Development Corporation on deputation basis, will complete her service period on 31.05.2025 and will also retire from service from her parent department on the same day, and considering her positive contributions to the institution's upliftment and development until now, Hon'ble Minister for Health and Women and Child Development Department has suggested that re-employment be granted to Smt. Bindu. V.C. for the post of Managing Director, KSWDC from 01.06.2025 for a period of one year or until a permanent Managing Director is appointed, whichever is earlier, in accordance with existing service rules, as this would be beneficial for the institution's operations.

4) Hon'ble Chief Minister has ordered to place the matter before the Council of Ministers.

## POINT FOR DECISION

Whether Smt. Bindu. V.C., currently serving as the Managing Director of the Kerala State Women's Development Corporation on deputation, may be granted re-employment from 01.06.2025 for a period of one year or until appointing a

permanent Managing Director, whichever is earlier, under re-employment terms, subject to the condition of obtaining Vigilance Clearance and the approval of the Finance Department, before issuing orders?